**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3061** **11-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നഗരത്തിലേക്കും നീണ്ടകര ശക്തികുളങ്ങര പ്രദേശങ്ങളിലേക്കും ശാസ്താംകോട്ടയിൽ നിന്നും കുടിവെള്ളം എത്തിക്കുന്ന പുതിയ പൈപ്പ് ലൈൻ ദേശീയപാത 66-ൽ ചവറ മണ്ഡലത്തിലെ റ്റൈറ്റാനിയം ജംഗ്ഷൻ മുതൽ കാവനാട് വരെ സ്ഥാപിക്കാത്തത് മൂലം ദേശീയ പാത നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം Right of Way (ROW) edge ൽ ഉള്ള utility corridor ലേയ്ക്ക് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടത്തേണ്ടത് കൺസഷനയറുടെ ഉത്തരവാദിത്തമാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിലെ താമസം മൂലം യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾക്ക് താമസം ഉണ്ടാകുന്നുണ്ട്. നിലവിൽ ദേശീയപതയുടെ Extreme End ലേക്ക് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലവിൽ ഏറ്റെടുത്തിരിക്കുന്ന സ്ഥലം തികയാത്തതിനാൽ സർവ്വീസ് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എൻ.എച്ച്.എ.ഐ. തടസ്സപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ദേശീയപാതയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ഹൈവേ അഡ്മിനിസ്ട്രേറ്ററുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ഏജൻസി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പോർട്ടലിൽ അനുമതിക്കായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ടുള്ള പ്രൊപ്പോസലുകൾക്ക് MoRTH അനുമതി നൽകാറുണ്ട്.<br><br>സാധാരണയായി റോഡ് കട്ടിംഗിന് അനുമതി നൽകാറില്ല എന്നും യുട്ടിലിറ്റി ഡക്ടുകൾ സ്ഥാപിക്കാൻ ഉൾപ്പെടെയുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെങ്കിൽ, മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമല്ല എങ്കിൽ പുതിയതായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിഷയത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച ശേഷം ( Case to case |

| | | | |
|---|---|---|---|
| | | | basis) തീരുമാനം എടുക്കുന്നതാണ് എന്നും, പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് അതാത് വകുപ്പിന്റെ ഉത്തരവാദിത്തമാണ് എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി അറിയിക്കാമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ